നം. എ.ബി 4-80221/2016/ആവഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 20/10/2016.

## ലഘു ദർഘാസ് പരസ്യം

വിഷയം:- ആ.വ.ഡ – 2017-18 ൽ സർക്കാർ ആശുപത്രികളിലേക്ക് ഭക്ഷ്യ-ഭക്ഷ്യേതര സാധനങ്ങൾ വിതരണം നടത്തുന്നതിനുള്ള ദർഘാസ് – സംബന്ധിച്ച്

കേരള സർക്കാർ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലേക്ക് ഭക്ഷ്യ-ഭക്ഷ്യേതര സാധനങ്ങൾ വിതരണം നടത്തുന്നതിന് പ്രത്യേകം കവറുകളിൽ മുദ്രവച്ച് ദർഘാസുകൾ (രണ്ടു പ്രതി വീതം) ക്ഷണിച്ചുകൊള്ളുന്നു.

...1.4.2017....... മുതൽ .31.3.2018 വരെയോ അല്ലാത്ത പക്ഷം സർക്കാർ നിശ്ചയിക്കുന്ന മറ്റു കാലയളവിലേക്കോ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള സർക്കാർ ആശുപത്രികളിലേക്ക് ഭക്ഷ്യ-ഭക്ഷ്യേതര സാധനങ്ങൾ വിതരണം നടത്തുന്നതിനുള്ള മുദ്രവച്ച ദർഘാസുകൾ പ്രത്യേകം കവറുകളിൽ ..16.1.2017 1 മണിക്കു മുമ്പ് അതാത് സ്ഥാപനങ്ങളുടെ മേലധികാരികൾക്ക് കിട്ടിയിരിക്കേണ്ടതാണ്.

## ദർഘാസ് വ്യവസ്ഥകൾ

വിതരണം നടത്തേണ്ട സാധനങ്ങളുടെ പട്ടിക, രണ്ട് ദർഘാസ് ഫോറങ്ങൾ, ദർഘാസിനോടൊപ്പം വയ്ക്കേണ്ട ഉടമ്പടികളുടെ മാതൃക മുതലായവ അതാത് സ്ഥാപനങ്ങളുടെ മേലധികാരികളിൽ നിന്നും അവർ നിശ്ചയിച്ചിരിക്കുന്ന ദർഘാസ് ഫോറത്തിന്റെ വില അടച്ച ചെല്ലാൻ രസീതും ....21.11.2016... ലോ അതിനു ശേഷമോ ലഭിച്ച അസൽ സോൾവൻസി സർട്ടിഫിക്കറ്റും (കുടികിടപത്രം സഹിതം) ഹാജരാക്കി ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്. ദർഘാസ് ഫാറം വാങ്ങുന്നതിനുള്ള തുക "0210-വൈദ്യ സഹായവും പൊതുജനാരോഗ്യവും ജനറൽ - 800-മറ്റ് വരവുകൾ-88-പലവകയും (ഭക്ഷ്യ-ഭക്ഷ്യേതര വസ്തുക്കളുടെ ദർഘാസ് ഫോറത്തിന്റെ വില അടക്കുന്നത്) എന്ന ഹെഡ് ഓഫ് അക്കൗണ്ടിലും, വില്പന നികുതി "0040-വില്പന നികുതി -102-സംസ്ഥാന വില്പന നികുതി ആക്ട് 99-നികുതി പിരിവുകൾ" എന്ന ശീർഷകത്തിലും അടക്കേണ്ടതാണ്. ഇങ്ങനെ അടക്കുന്ന പണം യാതൊരു

1772

GOVERNMENT OF KERALA 2015-16

കാരണവശാലും തിരിച്ച് നൽകുന്നതല്ല. ഓരോ ദർഘാസിനോടൊപ്പം ടെണ്ടറുകളുടെ പത്ത് ശതമാനത്തിൽ കുറയാത്ത തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റിന്റെ അസ്സലും ഒരു ശരി പകർപ്പും കടം വീട്ടാൻ മുതലുള്ളത്, വ്യാപ്തി ഏതുവരെയെന്നും എവിടെയാണ് പ്രസ്തുത കരാറുകാരൻ താമസിക്കുന്നത് എന്നുമുള്ള സർട്ടിഫിക്കറ്റും (18 ബി) സ്റ്റോർ പർച്ചേസ് റൂൾ ജനറൽ വിവരങ്ങൾ (സർക്കാർ കത്ത് നമ്പർ 38489/എം3/ആകുവ തീയതി 09.05.2003) ഹാജരാക്കണം. ഈ സർട്ടിഫിക്കറ്റ് ........21.11.2016ലോ അതിനു ശേഷമോ അതാത് റവന്യൂ അധികാരികളിൽ നിന്നും നിശ്ചിത ഫാറത്തിൽ വാങ്ങിയവയും കുടികിട ഉണ്ടെങ്കിൽ അത് ഉൾപ്പെടുത്തിയും ആയിരിക്കണം. റവന്യൂ അധികാരിയിൽ നിന്നുള്ള കുടികിട സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ സ്ഥലത്തെ സബ് രജിസ്ട്രാറിൽ നിന്നും വാങ്ങി ഹാജരാക്കിയാലും മതിയാവുന്നതാണ്.

കരാറുകാരൻ കരാർ സമർപ്പിക്കുമ്പോൾ 100/- രൂപയുടെ മുദ്രപത്രത്തിൽ സ്റ്റോർ പർച്ചേസ് നിയമങ്ങളിൽ പൊതു വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുള്ള ഒരു ഉടമ്പടി സമർപ്പിക്കേണ്ടതാണ്.

ഡോ. രമേഷ് ആർ
ആരോഗ്യവകുപ്പ് ഡയറക്ടർ